പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. *66 | 02.12 .2015 ൽ മറുപടിക്ക് |
|---|---|

## സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ . സെൽവരാജ്**<br>**,, ബെന്നി ബെഹനാൻ**<br>**,, വി.ഡി.സതീശൻ**<br>**,, സണ്ണി ജോസഫ്** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്ത് "സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം" പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) | കേരള സർക്കാർ മിഷൻ 676 ൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം മുതൽ സുരക്ഷി താഹാരം ആരോഗ്യത്തിനാധാരം പദ്ധതി കേര ളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം നല്കമോ; | ബി) | സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥി കളെയും കുട്ടികളെയും ബോധവത്ക്കരിക്കു ന്നതിനു വേണ്ടി മിഷൻ 676 ൽ ഉൾപ്പെടുത്തി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് "സുരക്ഷിതാഹാരം ആരോഗ്യത്തിനാ ധാരം" പദ്ധതി. ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/ എയ്ഡഡ്/ സ്വകാര്യ സ്കൂളിലെ 9, 11 ക്ലാസ്സുകളിലെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് ജീവിതശൈലി രോഗങ്ങൾക്ക് കാരണമായ ജംഗ് ഫുഡ്, ട്രാൻസ് ഫാറ്റ്, കളറുകൾ, രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ, ലഹരി വസ്തുകളായ ഗുഡ്ക പാൻമസാല എന്നിവയുടെ ദുഷ്യവശങ്ങളെപ്പറ്റി അറിവ് നൽകുന്നു. ഇതിനായി വിദഗ്ദരായ ഫുഡ് സേഫ്റ്റി ഓഫീസറുടെയും പോഷകഹാര വിദ ഗ്ധരുടെയും നേതൃത്വത്തിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതാണ്. ഇങ്ങനെ പരിശീലിപ്പിച്ച കുട്ടികൾ അതാതു സ്കൂളുകളിലെ മറ്റു കുട്ടികൾക്ക് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ തുടർ പരിശീലനം നൽകി വരുന്നു. ഇതിനാവശ്യമായ ലഘുലേഖകൾ, സിഡികൾ മറ്റു പരിശീലന സാമഗ്രികൾ എന്നിവ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകി വരുന്നു. ഇതിനകം തന്നെ എല്ലാ ജില്ലകളിലും ആദ്യഘട്ട |

| | | | |
|---|---|---|---|
| | | | പരിശീലനം ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകി കഴിഞ്ഞിട്ടുണ്ട്. |
| സി) | പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | 2014-15 സാമ്പത്തിക വർഷത്തിൽ ഓരോ ജില്ലയിലെയും 10 സർക്കാർ സ്കൂളുകളിൽ നിന്ന് 9,11 ക്ലാസ്സുകളിലെ തെരഞ്ഞെടുത്ത കുട്ടികൾക്ക് വേണ്ടി പരിശീലനം നൽകിയിട്ടുണ്ട്. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഉപന്യാസ മത്സരം നടത്തി കഴിഞ്ഞു. മേഖലാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നി ജില്ലകളിൽ വച്ച് ഈ വിഷയത്തെപ്പറ്റി പ്രശ്നോത്തരി നടത്തി വിജയികളെ കണ്ടെത്തി അവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരു ദിവസം ഫുഡ് സേഫ്റ്റി അസംബ്ലി നടത്താനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br><br>2015-16 നടപ്പ് സാമ്പത്തിക വർഷത്തിൽ ഓരോ ജില്ലകളിൽ നിന്നും 10 എയ്ഡഡ്, 10 സ്വകാര്യ സ്കൂളുകളിലെ 9,11 ക്ലാസ്സുകളിലെ കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക പരിശീലനം നൽകുന്ന പരിപാടികൾ ആരംഭിച്ചുകഴിഞ്ഞു. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനു വേണ്ടി 2015 ഒക്ടോബർ 2-ാം തീയതി എല്ലാ ജില്ല കേന്ദ്രങ്ങളിലും വച്ച് പോസ്റ്റർ രചന മത്സരം സംഘടിപ്പിച്ച് വിജയികളെ കണ്ടെത്തി സമ്മാനം വിതരണം ചെയ്തു. മേഖലാടിസ്ഥാനത്തിൽ കൊല്ലം,തൃശ്ശൂർ,കണ്ണൂർ എന്നി ജില്ലകളിൽ ഈ വിഷയത്തെപ്പറ്റി പ്രശ്നോത്തരി നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. ഇതു കൂടാതെ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടുകൂടി 'സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം' എന്ന വിഷയത്തെക്കുറിച്ച് ഒരു ഡോക്യുമെന്ററി ഫിലിം നിർമ്മിച്ച് സിഡികൾ എല്ലാ സ്കൂളുകളിലും എത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ